# 2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

2022 ജൂലൈ 14-ാം തീയതി സമർപ്പിച്ചത്

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# 2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ
# സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും
# റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

823/2022.

<u>ഉള്ളടക്കം</u>

*പേജ്*


| | | |
|---|---|---|
| 1. ഘടന | .. | v |
| 2. റിപ്പോർട്ട് | .. | vii |
| 3. അനുബന്ധം : | | |
| (i) വിയോജനക്കുറിപ്പ് | .. | ix |
| (ii) സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ | .. | 1 |

# സബ്ജക്ട് കമ്മിറ്റി VIII

## (സാമ്പത്തിക കാര്യങ്ങൾ)

## (2021-2023)

**ഘടന**

<u>അദ്ധ്യക്ഷൻ</u>

ശ്രീ. കെ. എൻ. ബാലഗോപാൽ,
ധനകാര്യ വകുപ്പുമന്ത്രി.

<u>എക്സ് -ഒഫീഷ്യോ അംഗങ്ങൾ</u>

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ,
തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി.

ശ്രീ. വി.എൻ. വാസവൻ,
സഹകരണ - രജിസ്ട്രേഷൻ വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u>

ശ്രീ. കെ. ബാബു *(തൃപ്പൂണിത്തുറ)*

ഡോ. കെ. ടി. ജലീൽ

ശ്രീ. ഡി. കെ. മുരളി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. കെ. വി. സുമേഷ്

ശ്രീ. ഇ. കെ. വിജയൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ശ്രീമതി കവിത ഉണ്ണിത്താൻ, സെക്രട്ടറി-ഇൻ-ചാർജ്ജ്

ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി

ശ്രീമതി ബിന്ദു എസ്. എൽ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി.

# 2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

## സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്കയച്ച 2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ (ബിൽ നമ്പർ 100) സമിതി ഖണ്ഡം ഖണ്ഡമായി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ 2022 മാർച്ച് 17-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2022 മാർച്ച് 18-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും 2022 ജൂലൈ 13-ാം തീയതി സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. 2022 ജൂലൈ 13-ാം തീയതി സമിതി യോഗം ചേർന്ന് പ്രസ്തുത ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

1-ാം ഖണ്ഡം

(2)-ാം ഉപഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(2) ഇത് 2022 ഏപ്രിൽ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്."

4. മറ്റ് ഭേദഗതികൾ ആനുഷംഗികമോ ഘടനാപരമോ ആണ്.

5. വിയോജനക്കുറിപ്പും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും അനുബന്ധമായി ചേർത്തിരിക്കുന്നു.

കെ. എൻ. ബാലഗോപാൽ,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി VIII.*

തിരുവനന്തപുരം,
2022 ജൂലൈ 13.

## അനുബന്ധം I

## വിയോജനക്കുറിപ്പ്

ധനകാര്യസ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവയിൽ നിന്നും പണം സ്വരൂപിക്കുന്നതിനായി സർക്കാർ വകുപ്പുകൾക്കും പൊതുമേഖല സ്ഥാപനങ്ങൾക്കും കോർപ്പറേഷനുകൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും സ്റ്റാറ്റ്യൂട്ടറി ബോർഡുകൾക്കും സഹകരണ സ്ഥാപനങ്ങൾക്കും ഗവൺമെന്റ് നൽകുന്ന ഗ്യാരണ്ടിയുടെ പരമാവധി പരിധി ഉയർത്തുന്നതിനായി 2003-ലെ കേരള ഗവൺമെന്റ് ഗ്യാരണ്ടിയുടെ പരമാവധി ആക്റ്റ് ഭേദഗതി ചെയ്യുന്നതിനാണ് ബിൽ വ്യവസ്ഥ ചെയ്യുന്നത്. ഗവൺമെന്റ് ഗ്യാരണ്ടിയുടെ പരമാവധി പരിധി നിലവിലുള്ള സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ 5% എന്നതിൽ നിന്നും ഏതൊരു വർഷവും ഏപ്രിൽ ഒന്നാം തീയതിയിലെ മൊത്തം സർക്കാർ ഗ്യാരണ്ടികൾ മുൻവർഷത്തെ മൊത്തം റവന്യൂ വരുമാനത്തിന്റെ 100 ശതമാനമോ അല്ലെങ്കിൽ മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ (ജി.എസ്.ഡി.പി) 10 ശതമാനമോ ഇതിൽ ഏതാണോ കുറവ് അതായിരിക്കും എന്നതിലേക്ക് ഭേദഗതി ചെയ്തിരിക്കുന്നു.

വിവിധ സ്ഥാപനങ്ങളുടെ വായ്പകൾക്ക് സർക്കാർ നൽകുന്ന ഗ്യാരണ്ടി വളരെയധികം വർദ്ധിച്ചിരിക്കുമ്പോഴും പ്രധാന ആക്റ്റിൽ വ്യവസ്ഥ ചെയ്തപ്രകാരം ഗ്യാരണ്ടി റിഡംപ്ഷൻ ഫണ്ട് രൂപീകരിച്ചുകൊണ്ട് സംസ്ഥാന സർക്കാർ ഈട് നൽകുന്ന കടങ്ങളുടെ ഫലപ്രദമായ നടത്തിപ്പും തിരിച്ചടവും ഉറപ്പാക്കുന്നതിന് നാളിതുവരെ സർക്കാർ നടപടി സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച റിസർവ്വ ബാങ്ക് നിർദ്ദേശങ്ങളും സി. & എ.ജി. റിപ്പോർട്ടുകളിലെ ശിപാർശകളും അവഗണിച്ചുകൊണ്ട് ഗ്യാരണ്ടി കമ്മീഷൻ ഇനത്തിൽ പിരിച്ചെടുക്കുന്ന തുക വക മാറ്റി ചെലവഴിക്കുന്ന രീതിയാണ് സർക്കാർ പിന്തുടരുന്നത്. ഇത് വളരെ അപകടകരമായ ഒരു സാമ്പത്തിക സൂചനയാണ്.

ഗ്യാരണ്ടി റിഡംപ്ഷൻ ഫണ്ട് രൂപീകരിച്ച് സാമ്പത്തിക അച്ചടക്കം ഉറപ്പാക്കാതെ ഗ്യാരണ്ടി പരിധി ഉയർത്തുന്ന തെറ്റായ ധനകാര്യ മാനേജ്മെന്റ് വ്യവസ്ഥകൾ ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ ബില്ലിനോട് വിയോജിപ്പ് രേഖപ്പെടുത്തുന്നു.

| | |
|---|---|
| കെ. ബാബു (തൃപ്പൂണിത്തുറ) | (ഒപ്പ്) |
| തിരുവഞ്ചൂർ രാധാകൃഷ്ണൻ | (ഒപ്പ്) |
| എൻ. ഷംസുദ്ദീൻ | (ഒപ്പ്) |

അനുബന്ധം II

# 2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

(സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

[വശത്ത് വരച്ചത് സബ്ജക്റ്റ് കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതിയെ സൂചിപ്പിക്കുന്നു]

## 2022-2023 സാമ്പത്തിക വർഷത്തേക്കുള്ള കേരള സർക്കാരിന്റെ ചില ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2022-2023 സാമ്പത്തിക വർഷത്തേക്കുള്ള കേരള സർക്കാരിന്റെ ചില ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിന് വേണ്ടി 2003-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി ആക്റ്റ് (2003-ലെ 30) വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2022 ഏപ്രിൽ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2003-ലെ 30-ാം ആക്റ്റിന്റെ ഭേദഗതി.—2003-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി ആക്റ്റിലെ (2003-ലെ 30) 3-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"3. ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി.—ഏതൊരു വർഷവും ഏപ്രിൽ ഒന്നാം തീയതി ബാക്കി നിൽക്കുന്ന മൊത്തം സർക്കാർ ഗാരണ്ടികൾ, മുൻവർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള മൊത്തം റവന്യൂ വരുമാനത്തിന്റെ 100 ശതമാനമോ അല്ലെങ്കിൽ മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ (ജിഎസ്ഡിപി) 10 ശതമാനമോ ഇതിൽ ഏതാണോ കുറവ്, അത് ആയിരിക്കേണ്ടതാണ്.".

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2022 ജൂലൈ 13.

**കവിത ഉണ്ണിത്താൻ,**
*സെക്രട്ടറി-ഇൻ-ചാർജ്ജ്.*